**ശ്രദ്ധക്ഷണിക്കൽ**

(1) മത്സ്യത്തൊഴിലാളി പുരധിവാസവും മണ്ണെണ്ണ വില വർദ്ധന സൃഷ്ടിക്കുന്ന പ്രശ്നങ്ങളും.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഇന്ന് സഭ വളരെ ഗൗരവമായി ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന ഒരു വിഷയത്തിന്റെ തുടർച്ചതന്നെയാണ് എന്റെ ഈ ശ്രദ്ധക്ഷണിക്കൽ. കേരളത്തിലെ മത്സ്യത്തൊഴിലാളികൾ ഇന്ന് അനുഭവിക്കുന്ന നിരവധി വിഷയങ്ങളിൽ പ്രധാന കാരണക്കാർ ആരെന്നതിനെ സംബന്ധിച്ചൊന്നും വിരൽ ചൂണ്ടാതെ, കേരളത്തിലെ ഗവൺമെന്റിലേയ്ക്ക് മാത്രം കേന്ദ്രീകരിക്കുന്ന ഒരു പ്രത്യേക സാഹചര്യം ഇവിടെ നിലനിൽക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് നയത്തിന്റെ ഭാഗമായിട്ടുണ്ടായിട്ടുള്ള നിരവധി വിഷയങ്ങളിലൊന്നാണ് മണ്ണെണ്ണയുടെ വിലവർദ്ധനയുമായി ബന്ധപ്പെട്ട വിഷയം. കേരളത്തിലെ മത്സ്യത്തൊഴിലാളികളിൽ മഹാഭൂരിപക്ഷവും ഉപയോഗിക്കുന്ന മണ്ണെണ്ണയ്ക്ക് കേന്ദ്ര ഗവൺമെന്റ് നൽകിക്കൊണ്ടിരിക്കുന്ന സബ്സിഡി വലിയ തോതിൽ വെട്ടിച്ചുരുക്കിയതിന്റെ ഫലമായി, തീവിലയ്ക്കാണ് മത്സ്യത്തൊഴിലാളികൾ മണ്ണെണ്ണ വാങ്ങുന്നത്. നമ്മുടെ തൊട്ടടുത്തുള്ള സംസ്ഥാനത്തിന് അയ്യായിരം

കിലോ ലിറ്റർ മണ്ണെണ്ണയാണ് സബ്സിഡിയിനത്തിൽ വിതരണം ചെയ്യുന്നതെങ്കിൽ 45000 കിലോ ലിറ്റർ മണ്ണെണ്ണയാണ് കേരളത്തിന് നൽകുന്നത്. 2015, ജൂലൈ മാസത്തിൽ അന്നത്തെ ഗവൺമെന്റിന്റെ കാലത്ത് ഈ പദ്ധതി ആരംഭിച്ചതെന്ന് നേരത്തെ സൂചിപ്പിച്ചിരുന്നു. ആ ഒരു വർഷം പതിനാല് കോടി രൂപയാണ് സബ്സിഡിയായി കൊടുക്കേണ്ടിവന്നതെങ്കിൽ പിന്നീട് അധികാരത്തിൽവന്ന പിണറായി വിജയൻ ഗവൺമെന്റിന്റെ കാലത്ത് 284 കോടി രൂപ മണ്ണെണ്ണ സബ്സിഡിക്കായി കൊടുത്തിരുന്നു. ഞാൻ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുന്നത്, തമിഴ്നാട്ടിൽ നമ്മുടെ ഒൻപതിലൊന്ന് പെർമിറ്റുള്ള യന്ത്രവൽക്യത യാനങ്ങൾക്കാണ് മണ്ണെണ്ണ സബ്സിഡിയുള്ളത്. നമുക്ക് 45000 കിലോ ലിറ്റർ മണ്ണെണ്ണയാണ് അനുവദിക്കുന്നത്. അവിടെ മൂന്ന് ജില്ലകളിലുള്ള മത്സ്യത്തൊഴിലാളികൾക്കാണ് ഈ സബ്സിഡി അനുവദിക്കുന്നതെങ്കിൽ നമ്മുടെ പത്തു ജില്ലയിലുള്ള മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി അനുവദിക്കുന്നുണ്ട്. ഈ പുതിയ സാഹചര്യത്തിൽ, എങ്ങനെ മത്സ്യത്തൊഴിലാളികളെ സഹായിക്കാൻ കഴിയുമെന്നതിനെ സംബന്ധിച്ച് ആലോചിക്കണം. സർക്കാരിന്

എന്തെങ്കിലുംകൂടി വർദ്ധിപ്പിക്കാൻ കഴിയുമോ; അതല്ലാതെ ഏത് രൂപത്തിൽ ഇവരെ സഹായിക്കാൻ കഴിയുമെന്നതിനെപ്പറ്റി ഗവൺമെന്റ് ഗൗരവമായി ആലോചിക്കണമെന്ന് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുന്നു. അതോടൊപ്പംതന്നെ കേന്ദ്ര ഗവൺമെന്റിന്റെ ഈ ദ്രോഹത്തിനെതിരെ സഭ പ്രമേയം പാസ്സാക്കി നൽകിയിട്ടും സബ്സിഡി വർദ്ധിപ്പിക്കുന്നതിനുള്ള ഒരു നടപടിയും സ്വീകരിച്ചില്ല. അടിയന്തരമായി മത്സ്യബന്ധനത്തിനാവശ്യമായ മണ്ണെണ്ണ അനുവദിക്കാനും ന്യായമായ വില ഉറപ്പുവരുത്തുന്നതിനുമുള്ള യോജിച്ച ഒരു നീക്കം ഈ സഭയുടെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് മത്സ്യത്തൊഴിലാളി സമൂഹത്തിനുവേണ്ടി ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. 'പുനർഗേഹം' പദ്ധതിയെപ്പറ്റി സൂചിപ്പിക്കുകയുണ്ടായി, ഒരു കാലഘട്ടത്തിൽ വീട് കടലെടുത്തുകൊണ്ടുപോയാൽ മാറത്തടിച്ച് നിലവിളിച്ചുനിന്നിരുന്ന മത്സ്യത്തൊഴിലാളികളുടെ ജീവിതത്തിൽ ആദ്യമായി കയറിക്കിടാൻ ഒരു കിടപ്പാടമുണ്ടാക്കിക്കൊടുത്ത ഒരു സർക്കാരെന്ന ആ ബോധത്തോടുകൂടിതന്നെ പറയുകയാണ്, ആ പുനർഗേഹം പദ്ധതിക്ക് പല സ്ഥലങ്ങളിലും വേഗത വളരെ കുറവാണ്. ആ പദ്ധതിയുടെ വേഗത വർദ്ധിപ്പിക്കുന്നതിനുള്ള

ശക്തമായ ഇടപെടലുകൾ നടത്തണം. ഇപ്പോൾ ഭൂമി കണ്ടെത്തിയ 3154 കുടുംബങ്ങളും രജിസ്ട്രേഷൻ നടത്തിയ 2374 കുടുംബങ്ങളും ഭവന നിർമ്മാണം നടന്നുവരുന്ന 1147 കുടുംബങ്ങൾക്കുമാണ്. അങ്ങനെ മൊത്തം 8166 കുടുംബങ്ങളുടെ ഭവനനിർമ്മാണം ഈ പദ്ധതിയിലൂടെ അതിവേഗത്തിൽ പൂർത്തിയാക്കുന്നതിനും പൊന്നാനിയിലടക്കം നടക്കുന്ന നിർമ്മാണ പ്രവൃത്തികൾ വേഗതയിലാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം. വിഴിഞ്ഞം പദ്ധതിയെപ്പറ്റി ചർച്ച ചെയ്തു. തീരശോഷണവും തീര സംരക്ഷണവുമെല്ലാം കേന്ദ്ര ഗവൺമെന്റ് പരിധിയിൽവരുന്ന വിഷയങ്ങളാണ്. അന്ന് അതിനെയെല്ലാം ഗൗരവമായി കണ്ടുകൊണ്ടാണോ കരാറിലേർപ്പെട്ടതെന്നുള്ളത് വേറെ വിഷയം. ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നത്, ഇപ്പോൾ പൂന്തുറയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഈ ഓഫ്ഷോർ ബ്രേക്കിംഗ് വാട്ടർ നിർമ്മാണ പദ്ധതി ഇപ്പോൾ 700 മീറ്ററാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. അത് 1700 മീറ്ററായി ദീർഘിപ്പിച്ചാൽ ഈ വിഷയത്തിന് ശാശ്വതമായ പരിഹാരമുണ്ടാക്കാൻ കഴിയും. അതുകൊണ്ട് ശംഖുംമുഖംവരെ ഈ പദ്ധതി ദീർഘിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അതോടൊപ്പം,

ഇപ്പോൾ ചെല്ലാനമടക്കമുള്ള പ്രദേശങ്ങളിലെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ഇടപെട്ട ഗവൺമെന്റിനെ അഭിനന്ദിക്കുന്നു. അവിടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതിയുടെ മാതൃകയിൽ പൊന്നാനിയിലും തിരുവനന്തപുരം ജില്ലയിൽ കൊല്ലംകോട്, പൊഴിയൂർ അടക്കമുള്ള പ്രദേശങ്ങളിലും ടെട്രാപോഡ് സ്ഥാപിച്ച് തീരം സംരക്ഷിക്കാനുള്ള എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ട്, ആ പദ്ധതിയും വേഗത്തിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. മത്സ്യമേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് എല്ലാ മത്സ്യത്തൊഴിലാളി സംഘടനകളുടെയും ഒരു യോഗം അടിയന്തരമായി വിളിച്ചു ചേർക്കുന്നതിനും ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന എല്ലാ പദ്ധതികളും വേഗത്തിൽ പൂർത്തിയാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) : സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയം ഇപ്പോൾ വിശദമായി ചർച്ച ചെയ്തതാണ്. കേരളത്തിലെ തീരദേശ പ്രദേശങ്ങളിൽ പുതിയ കണക്കുകൾപ്രകാരം 50 സ്ഥലങ്ങളിൽ

പാരിസ്ഥിതികമായ കാലാവസ്ഥാ വ്യതിയാനംമൂലം രൂക്ഷമായ കടലാക്രമണം നടക്കുകയാണ്. തീരദേശത്ത് കടലാക്രമണ ഭീഷണി നേരിടുന്ന, വേലിയേറ്റ രേഖയിൽനിന്നും 50 മീറ്റർ ദൂരത്തിൽ താമസിക്കുന്ന കുടുംബങ്ങളെ മാറ്റി താമസിപ്പിക്കാൻവേണ്ടിയാണ് പുനർഗേഹം പദ്ധതി നടപ്പിലാക്കിവരുന്നത്. 2450 കോടി രൂപ ഈ പദ്ധതിക്കായി മാറ്റിവച്ചു. സ്വന്തമായി ഭൂമി കണ്ടെത്തുന്ന മത്സ്യത്തൊഴിലാളികൾക്ക് ഭൂമിയുടെ വില നൽകുകയാണ്. വീട് വയ്ക്കാനുള്ള തുകയടക്കം 10 ലക്ഷം രൂപ ഇപ്പോൾ നൽകിവരുന്നു. അതിന്റെ രജിസ്ട്രേഷൻ ഫീസും നിർത്തലാക്കിയിട്ടുണ്ട്. കടലാക്രമണ ഭീഷണി നേരിടുന്ന കുടുംബങ്ങളെ മാറ്റിത്താമസിക്കുന്നതിനുള്ള അടിയന്തര നടപടികളാണ് ഇപ്പോൾ നടത്തിവരുന്നത്. സർക്കാർ ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് പുതിയ പദ്ധതികൾ നടപ്പിലാക്കിവരികയാണ്. പലയിടങ്ങളിലും സ്ഥലം കണ്ടെത്തി ഫ്ലാറ്റുകൾ നിർമ്മിക്കുന്നു. 2018-ൽ ഫിഷറീസ് വകുപ്പ് തീരദേശത്ത് നടത്തിയ വിശദമായ സർവ്വേ പ്രകാരം കടലോരത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്റർ പരിധിക്കുള്ളിൽ 18685 കുടുംബങ്ങൾ അധിവസിക്കുന്നതായി കണ്ടെത്തി. സർവ്വേയുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയ 18685 കുടുംബങ്ങളും അപ്പീൽ

അപേക്ഷകളുൾപ്പെടെ 21004 കുടുംബങ്ങളാണ് പുനർഗേഹം പദ്ധതിയുടെ ഗുണഭോക്തൃപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത്. ഇതിൽ 8375 ഗുണഭോക്താക്കൾ മാറിതാമസിക്കുന്നതിന് ഇപ്പോൾ സന്നദ്ധത അറിയിച്ചിട്ടുണ്ട്. ആരെയും നിർബന്ധമായി മാറ്റിത്താമസിപ്പിക്കുന്ന നിലപാട് സ്വീകരിക്കാൻ ഗവൺമെന്റ് ഉദ്ദേശിച്ചിട്ടില്ല. 3382 ഗുണഭോക്താക്കൾ കണ്ടെത്തിയ ഭൂമിക്ക് ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി വില സ്ഥിരീകരിച്ച് നൽകിയിട്ടുണ്ട്. 2701 ഗുണഭോക്താക്കൾ ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുകയും 2171 ഗുണഭോക്താക്കൾ ഭവനനിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 1480 ഗുണഭോക്താക്കൾ പദ്ധതിയാനുകൂല്യം പൂർണ്ണമായി കൈപ്പറ്റിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിൽ 172-ഉം ബീമാപ്പള്ളിയിൽ 128-ഉം മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ 20-ഉം ഉൾപ്പെടെ 468-ഓളം ഫ്ലാറ്റുകൾ നിർമ്മിച്ച് ഇതിനോടകം പുരധിവാസം നടത്തിയിട്ടുണ്ട്. ബാക്കിയുള്ള സ്ഥലങ്ങളിലെ ഫ്ലാറ്റ് നിർമ്മാണം അന്തിമഘട്ടത്തിലാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് നടന്ന ചർച്ചയിൽ മൃഗസംരക്ഷണ വകുപ്പിന്റെ കൈവശമുള്ള എട്ട് ഏക്കർ സ്ഥലമേറ്റെടുത്ത് അവിടെ ആവശ്യമായ ഫ്ലാറ്റുകൾ എത്രയുംവേഗം നിർമ്മിക്കാനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

മത്സ്യബന്ധന മേഖലയിൽ ജോലിയെടുക്കുന്ന തൊഴിലാളികളെ ബാധിക്കുന്ന പ്രശ്നങ്ങളിൽ വളരെ അനുകൂലമായ നിലപാട് സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതോടനുബന്ധിച്ച് 9 സ്ഥലങ്ങളിൽ പുതിയ ഫ്ലാറ്റുകൾ നിർമ്മിക്കാൻ തീരുമാനമായിട്ടുണ്ട്. ഈ പ്രവർത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

മത്സ്യബന്ധത്തിന് ഉപയോഗിക്കുന്ന മണ്ണെണ്ണയുടെ വിലവർദ്ധന പരമ്പരാഗതത്തൊഴിലാളികൾക്ക് താങ്ങാവുന്നതിലും അപ്പുറമാണെന്ന വസ്തുത നമുക്കെല്ലാമറിയാം. പൊതുവിപണിയിൽ ലിറ്ററിന് 116.50 രൂപയാണ് മണ്ണെണ്ണയുടെ വില. സിവിൽസപ്ലൈസ് മുഖാന്തരം വിതരണം ചെയ്യുന്ന മണ്ണെണ്ണയുടെ വില 86.78 രൂപയാണ്. ഡീസലിന് 96.52 രൂപയും പെട്രോളിന് 107.44 രൂപയും ഉള്ളപ്പോഴാണ് മണ്ണെണ്ണയുടെ വില ഇത്രയും അധികമായി നിൽക്കുന്നത്. ഇതിന്റെ പൂർണ്ണ നിയന്ത്രണം കേന്ദ്ര ഗവൺമെന്റിന്റെ കൈകളിലാണ്. മണ്ണെണ്ണയുമായി ബന്ധപ്പെട്ട വിഷയം കഴിഞ്ഞദിവസം ഡൽഹിയിൽ ബഹുമാനപ്പെട്ട കേന്ദ്ര പെട്രോളിയം വകുപ്പുമന്ത്രിയുമായി രണ്ടുതവണ ചർച്ച ചെയ്യുകയുണ്ടായി. ആദ്യം മന്ത്രിതല മീറ്റിംഗും പിന്നീട് ഉദ്യോഗതലത്തിൽ മറ്റൊരു മീറ്റിംഗും കൂടി ഈ പ്രശ്നങ്ങൾ

അദ്ദേഹത്തെ പൂർണ്ണമായി ബോധ്യപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ മണ്ണെണ്ണ അനുവദിക്കുന്നതിനും മത്സ്യബന്ധനത്തിന് ഉപകാരപ്പെടുന്ന വിധത്തിൽ മണ്ണെണ്ണയുടെ വില കുറയ്ക്കുന്നതുമായി ബന്ധപ്പെട്ട വിഷയം ചർച്ച ചെയ്യുകയുണ്ടായി. ഇതിൽ ചെയ്യാൻ സാധിക്കുന്ന കാര്യം, തീരമേഖലയിൽ മണ്ണെണ്ണയ്ക്കുപകരം പെട്രോളോ ഡീസലോ ഉപയോഗിക്കുന്ന വിധത്തിൽ എഞ്ചിനുകൾക്ക് മാറ്റം വരുത്തുന്ന കാര്യം ഗൗരവമായി ആലോചിക്കണം. മണ്ണെണ്ണയുടെ ലഭ്യത ഇപ്പോൾ കുറവാണ്. ഇതിനായി ബന്ധപ്പെട്ട മത്സ്യത്തൊഴിലാളികളെയും ട്രേഡ് യൂണിയനുകളെയും ഒരുമിച്ച് യോഗം വിളിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആ യോഗത്തിൽ വ്യക്തമായൊരു തീരുമാനമുണ്ടാക്കാം. മത്സ്യത്തൊഴിലാളികൾക്ക് സഹായകമായ നിലപാടെടുക്കാൻ ഗവൺമെന്റ് തയ്യാറാണെന്നാണ് ഇക്കാര്യത്തിൽ എനിക്ക് അറിയിക്കാനുള്ളത്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, നിലവിൽ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ വേഗതയിലാക്കുന്നതിനുവേണ്ടി രൂപീകരിച്ചിട്ടുള്ള ജില്ലാതല കമ്മിറ്റിയുടെ പ്രവർത്തനം സജീവമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, എല്ലാ ജില്ലകളിലും ഈ മോണിറ്ററിംഗ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ വിലയിരുത്താൻ ബന്ധപ്പെട്ട ഫിഷറീസ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. അവർ ലഭ്യമാക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വേണ്ടിവന്നാൽ, എല്ലാ ജില്ലകളിലും നേരിട്ട് പങ്കെടുത്തുകൊണ്ട് ഇത്തരം മീറ്റിംഗുകൾ സംഘടിപ്പിക്കാനാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്.

പ്രത്യേക പരാമർശം

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, പ്രതിപക്ഷം വാക്കൗട്ട് നടത്തി പുറത്തുപോയ അവസരത്തിൽ ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി രണ്ട് പരാമർശങ്ങൾ നടത്തുകയുണ്ടായി. ഒന്നാമതായി അദ്ദേഹം പറഞ്ഞത് ഞാൻ വാക്കൗട്ട് പ്രസംഗത്തിൽ സൂചിപ്പിച്ച, വലിയതുറയിലെ ഗോഡൗണിൽ ആളുകളെ പ്രവേശിപ്പിച്ചത് യു.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടത്തിലാണെന്നാണ്. അത് അവാസ്തവമാണ്. ഇന്ന് ആ ഗോഡൗണിൽ കഴിയുന്ന മുഴുവൻപേരും 2018-നുശേഷം വന്നവരാണ്. നാല് വർഷമായി അവിടെ കഴിയുന്നവരാണ്. ഏഴ് വർഷമായി കഴിയുന്നവരാണെങ്കിലും ആറ് വർഷമായി ഭരിക്കുന്നത് ഇടതുപക്ഷ

സർക്കാരല്ലേ; അവർ 2018-നുശേഷം വന്നവരാണ്. അദ്ദേഹം പറഞ്ഞത് അവാസ്തവമാണ്. രണ്ടാമതായി അദ്ദേഹം പറഞ്ഞത്, ഞാൻ സമരവേദിയിൽ ചെന്നപ്പോൾ സമരക്കാർ എന്നെ കൂകിവിളിച്ച് ഓടിച്ചുവന്നാണ്. അത് തെറ്റാണ്. സമരസമിതിയുടെ അനുമതിയോടുകൂടിയാണ് ഞാനവിടെ പോയത്. അവിടെ ചെന്നപ്പോൾ അവരെന്നെ സ്വീകരിക്കുകയും സമര സമിതിയുടെ നേതാവായ വൈദികൻ എനിക്ക് സ്വാഗതം പറയുകയും ഞാൻ അവരുടെ വേദിയിലെ പ്ലാറ്റ്ഫോമിൽ മൈക്കിൽ പതിനഞ്ച് മിനിറ്റ് സംസാരിക്കുകയും ചെയ്തു. ഒരു കാരണവശാലും ഈ വിഷയം രാഷ്ട്രീയമായി ഉപയോഗിക്കില്ലെന്നും ഈ വിഷയം നിയമസഭയ്ക്കകത്തും പുറത്തും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുൾപ്പെടെയുള്ളവരുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണാൻ ശ്രമിക്കുമെന്ന് ഞാനവർക്ക് വാക്കുകൊടുത്തു. ഞാൻ വേദിയിൽ ഇരുന്നതിനുശേഷം മൂന്ന് സി.പി.ഐ.(എം) പ്രവർത്തകർ വന്ന് രാഷ്ട്രീയക്കാരെ ഈ പരിപാടിയിൽ പങ്കെടുപ്പിച്ചതിലുള്ള പരാതി അറിയിച്ചു. അതിനുള്ള മറുപടി അവിടത്തെ വൈദികൻതന്നെ മൈക്കിലൂടെ പറയുകയും ചെയ്തു. അതിനുശേഷം ഞാൻ തിരിച്ചുവന്നു. പിറ്റേദിവസത്തെ ദേശാഭിമാനി പത്രത്തിൽ എന്നെ കൂകിവിളിച്ചുവെന്ന തരത്തിൽ വാർത്തയുണ്ടായിരുന്നു.

അത് കണ്ടിട്ട് അങ്ങയെപ്പോലുള്ള ഒരു മന്ത്രി നിയമസഭയിൽ വന്ന് ...... (ബഹളം).....

മി. സ്പീക്കർ: ..........പ്ലീസ്..........

ശ്രീ. വി. ഡി. സതീശൻ: വേറെ ചില കാര്യങ്ങൾ ഓർത്ത് ഞാൻ മറുപടി പറയുന്നില്ല. അദ്ദേഹം പറഞ്ഞ രണ്ട് കാര്യങ്ങളും അവാസ്തവമാണെന്നത് ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

(2) വേമ്പനാട് കായൽ അതോറിറ്റി രൂപീകരണം

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, അന്താരാഷ്ട്ര പ്രാധാന്യമുള്ള തണ്ണീർത്തടമായി പ്രഖ്യാപിച്ചിരിക്കുന്ന വേമ്പനാട് കായൽ സംരക്ഷിക്കുന്നതിലുണ്ടായ വീഴ്ചകാരണം വലിയ പ്രതിസന്ധിയാണ് നേരിട്ടുകൊണ്ടിരിക്കുന്നത്. വേമ്പനാട് കായൽ നാശത്തിലേയ്ക്ക് നീങ്ങുന്നത് നമ്മുടെ കൺമുന്നിലൂടെയാണ്. കായലിന്റെ നാശം സമീപഭാവിയിൽ നാടിന്റെ നിലനിൽപ്പിനുതന്നെ ഭീഷണിയായി മാറുമെന്ന കാര്യത്തിൽ സംശയമില്ല. മഴക്കാലത്ത് വെള്ളം കയറുമ്പോൾ കുട്ടനാടൻ പ്രദേശത്ത് മാത്രം കണ്ടുവന്നിരുന്ന വെള്ളപ്പൊക്കം മറ്റ് മേഖലകളിലേയ്ക്കും വ്യാപിച്ചിരിക്കുകയാണ്. കൊച്ചി നഗരത്തിലെ പല പ്രദേശങ്ങളിലും വെള്ളം

കയറുന്നത് ജനങ്ങൾക്ക് വലിയ ആശങ്കയും പ്രതിസന്ധിയുമുണ്ടാക്കിയിരിക്കുകയാണ്. പ്രളയത്തിനുശേഷം കായലിന്റെ അടിത്തട്ടിൽ ക്രമാതീതമായി എക്കൽ അടിഞ്ഞുകൂടിയതുകാരണം കായലിന്റെ സംഭരണശേഷി കുറഞ്ഞു. കാലാവസ്ഥാ വ്യതിയാനംമൂലമുണ്ടാകുന്ന അപ്രതീക്ഷിതവും അമിതവുമായ മഴയും സമുദ്രനിരപ്പിലുണ്ടാകുന്ന വ്യതിയാനവും ഈ തണ്ണീർത്തടത്തിന്റെ ആവാസവ്യവസ്ഥയെതന്നെ തകിടം മറിച്ചുകൊണ്ടിരിക്കുകയാണ്. 365 സ്ക്വയർ കിലോമീറ്റർ വിസ്തൃതിയുണ്ടായിരുന്ന ഈ തണ്ണീർത്തടം ഇപ്പോൾ വെറും 170 സ്ക്വയർ കിലോമീറ്ററായി ചുരുങ്ങിയിരിക്കുന്നു. അതീവ ജൈവപ്രാധാന്യമുള്ള പരിസ്ഥിതി മേഖലയായാണ് വേമ്പനാട് കായലിനെ 2019-ലെ തീരദേശമേഖല നിയന്ത്രണ വിജ്ഞാപനത്തിൽ പ്രഖ്യാപിച്ചിട്ടുള്ളത്. തീരദേശമേഖല നിയന്ത്രണ വിജ്ഞാപനം അനുസരിച്ച് വേമ്പനാട് കായലിനുവേണ്ടി ഒരു സമഗ്ര പരിപാലന പദ്ധതി തയ്യാറാക്കേണ്ടതുണ്ട്. ഫിഷറീസ് സർവ്വകലാശാലയിൽ ചേർന്ന ശാസ്ത്രജ്ഞന്മാരുടെ സെമിനാറിലും വേമ്പനാട് കായലിനുവേണ്ടി ഒരു അതോറിറ്റി രൂപീകരിക്കണമെന്ന നിർദ്ദേശം ഉയർന്നുവന്നിട്ടുണ്ട്.

പരിസ്ഥിതിനാശവും കാലാവസ്ഥാ വ്യതിയാനവും കായലിൽ വൻ ആഘാതം സൃഷ്ടിക്കാൻ സാധ്യതയുണ്ടെന്ന് ശാസ്ത്രലോകം കരുതുന്നു. കൃത്യമായ പഠനം നടത്തി ഈ തണ്ണീർത്തടത്തെ രക്ഷിക്കാനുള്ള നടപടി എങ്ങും എത്തിയിട്ടില്ല. വേമ്പനാട് കായലിനെ രക്ഷിക്കുന്നതിനായി ഒരു സമഗ്ര പരിപാലന പദ്ധതിക്ക് തുടക്കംകുറിക്കുന്നതിനും വേമ്പനാട് കായൽ അതോറിറ്റി രൂപീകരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ഈ സന്ദർഭത്തിൽ ആവശ്യപ്പെടുന്നു. ഇത്തരമൊരു പദ്ധതി തയ്യാറാക്കുമ്പോൾ പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തുന്നതിനൊപ്പം തീരത്ത് താമസിക്കുന്ന ജനങ്ങളുടെ സുരക്ഷയും ഉറപ്പാക്കേണ്ടതുണ്ട്. 2019-ലെ തീരദേശമേഖല നിയന്ത്രണ വിജ്ഞാപനം അനുസരിച്ചുള്ള സംയോജിത ദ്വീപ് പരിപാലന പദ്ധതികൾക്ക് രൂപംകൊടുക്കുന്നതിനുള്ള നടപടികൾ ഇനിയും ആരംഭിച്ചിട്ടില്ലെന്നത് ഏറെ ദുഃഖകരമാണ്. കായലിനോട് ചേർന്ന് ജീവിക്കുന്ന പതിനായിരക്കണക്കിന് ജനങ്ങളുടെ ഉപജീവനമേഖലയാണ് വേമ്പനാട് കായൽ. ഇതിൽ മത്സ്യത്തൊഴിലാളികൾ, കയർ തൊഴിലാളികൾ, കർഷകർ, ടൂറിസം മേഖല, തുടങ്ങി നിരവധി മേഖലയിൽ പ്രവർത്തിക്കുന്നവരുണ്ട്. ഇവരുടെയെല്ലാം

ഉപജീവനമാർഗ്ഗം നിലനിർത്തുന്നതിനും വികസനം ഉറപ്പുവരുത്തുന്നതിനും ഒരു പദ്ധതി നടപ്പിലാക്കേണ്ടത് അത്യാവശ്യമാണ്. വേമ്പനാട് തണ്ണീർത്തടത്തിലേയ്ക്ക് പതിക്കുന്ന നദികളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള സമഗ്ര പദ്ധതിയാണ് നടപ്പിലാക്കേണ്ടത്. ഇതിനാവശ്യമായ നടപടി എത്രയുംവേഗം ആരംഭിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, വേമ്പനാട് കായൽ സംരക്ഷിക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള കായൽ കയ്യേറ്റങ്ങൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിന് വിവിധ വകുപ്പുകൾ ഉൾക്കൊള്ളുന്ന ഒരു സമിതി രൂപീകരിച്ച് സമഗ്രമായ പഠനം നടത്തണമെന്ന് നിയമസഭാ സമിതി ശിപാർശ ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ ചെയർമാനായും ബന്ധപ്പെട്ട എല്ലാ വകുപ്പുകളിലെയും ഉദ്യോഗസ്ഥർ അംഗങ്ങളായും ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കായൽ കയ്യേറ്റങ്ങൾ കണ്ടെത്തി അവ ഒഴിപ്പിക്കുന്നതിനും കായലിന്റെ അതിർത്തി തിട്ടപ്പെടുത്തുന്നതിനുമായി റവന്യൂ, സർവ്വേ, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകൾ സംയുക്തമായി ഊർജ്ജിത നടപടികൾ സ്വീകരിച്ചുവരികയാണ്.

കേന്ദ്ര വനം-പരിസ്ഥിതി-കാലാവസ്ഥാ വ്യതിയാന മന്ത്രാലയം പുറപ്പെടുവിച്ച 2019-ലെ CRZ വിജ്ഞാപനപ്രകാരം വേമ്പനാട് കായലിനെ ഗുരുതരമായ ആപത്ഭീഷണിയുള്ള തീരമേഖല പ്രദേശമായാണ് പരിഗണിച്ചിട്ടുള്ളത്. സുസ്ഥിരമായ ഉപജീവനത്തിനായി തീരദേശ വിഭവങ്ങളെ ആശ്രയിക്കുന്ന മത്സ്യത്തൊഴിലാളികളുൾപ്പെടെയുള്ള സമൂഹത്തിന്റെ പങ്കാളിത്തത്തോടെ വേണം ഈ മേഖല പരിപാലനം ചെയ്യേണ്ടതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വേമ്പനാട് കായൽ സംരക്ഷണം വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ മാത്രമേ സാധ്യമാകുകയുള്ളൂ. വേമ്പനാട് കായൽ അതോറിറ്റി രൂപീകരിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. വേമ്പനാട് കായലിന്റെ ജലസംഭരണശേഷി ചെളിയും എക്കലും അടിഞ്ഞതുമൂലം ഗണ്യമായി കുറഞ്ഞതായി ഡോ. എം. എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷന്റെ പഠനത്തിൽ കണ്ടെത്തിയിരുന്നു. ഇവ നീക്കംചെയ്യുന്നതിന് പ്രാഥമിക പ്രവൃത്തി എന്ന നിലയിൽ 10 കിലോമീറ്റർ ചുറ്റളവുള്ള 'ആർ ബ്ലോക്ക്' പാടശേഖരത്തിൽ എക്കലും ചെളിയും ഉപയോഗിച്ച് പുറംബണ്ട് നിർമ്മിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. സർക്കാരും പാടശേഖര സമിതിയും ചേർന്നുള്ള പൊതു

സ്വകാര്യ പങ്കാളിത്ത മാതൃകയിൽ ഇത് നടപ്പാക്കാനുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, വേമ്പനാട് കായൽ അതോറിറ്റി രൂപീകരിക്കുന്നതിനെക്കുറിച്ച് അങ്ങ് പരാമർശിക്കുകയുണ്ടായി. ഈ അതോറിറ്റി കഴിയുന്നതും വേഗത്തിൽ രൂപീകരിക്കാനും അതുവഴി വേമ്പനാട് കായൽ സംരക്ഷിക്കുന്നതിനുള്ള പദ്ധതികളെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിക്കും?

(ശ്രീ. പിണറായി വിജയൻ): സർ, ഇക്കാര്യം പരിശോധിച്ചുവരികയാണെന്ന് ഞാൻ പറഞ്ഞു. അതിന്റെ വേഗത കൂട്ടാം.